# കാർന്നുതിന്നപ്പെട്ട ജീവിതങ്ങൾ

ഉപ്പുകാറേറ്റ് തുരുമ്പിച്ച ജനാലകളുടെ ചിലമ്പിച്ച ശബ്ദം അവളുടെ കാതുകളിൽ തുളഞ്ഞുകയറി. ആ മയക്കം പാമ്പിനെപ്പോലെ ഇരുമ്പുകട്ടിലിലൂടെ ഇഴഞ്ഞുപോയി; എന്നത്തെയും പോലെ തന്റെ പാതിരാസ്വപ്നങ്ങളിലും, പകൽസ്വപ്നങ്ങളിലും ക്ഷണിക്കപ്പെടാത്ത ഒരു അതിഥിയെപ്പോലെ കടന്നു-വരുന്ന ആഴിയെ ഭയമായിരുന്നു; തുടക്കത്തിൽ. ഭൂതകാലത്തിൽ താൻ അവളുമായി തുടർന്നുപോന്ന ബന്ധം ഇന്നും തുടരുന്നു – സ്വപ്നങ്ങളിലൂടെ, സ്വപ്നങ്ങളുടെ ആഴക്കടലിലൂടെ!

"നിദ്രേ" അവൾ വിളിക്കുന്നു.

തന്നെ പൊടുന്നനെ ശൂന്യതയിലേക്ക് തള്ളിവിട്ട് എങ്ങോ ആഴക്കടലിലേക്ക് ഓടിപ്പോയതാണവൾ – തന്റെ ആഴി!

വീണ്ടും മയക്കത്തിലേക്ക് വഴുതിവീണപ്പോൾ, ഇരുട്ട് മുറിയിൽ തളം കെട്ടി നിന്ന ശൂന്യതയെ കീറിമുറിച്ചുകൊണ്ട് നാലഞ്ച് ആൺരൂപങ്ങളുടെ, അല്ല! കുട്ടിക്കാലത്ത് മുത്തശ്ശിക്കഥകളിൽ കേട്ടിരുന്ന ചെകുത്താന്മാരുടെ അവ്യക്തമായ ശബ്ദം കേട്ടു.

" നിദ്രേ... കഴിയുന്നില്ല; ഒന്നിനും"

ആഴിയുടെ വിറയാർന്ന സ്വരം അവളുടെ ചുമലിൽ കൈവെച്ച് കൊണ്ട് പറഞ്ഞു:

" എല്ലാം സഹിക്കാനാണല്ലോ പെൺജന്മങ്ങളെ ഉണ്ടാക്കിവെച്ചിരിക്കുന്നത്!"

ആരുടെയൊക്കെയോ കൈകൾ തങ്ങൾക്കുമേൽ കരവിരുത് പ്രകടിപ്പിക്കുന്നു. അട്ടഹാസങ്ങളുടെയും നിലവിളികളുടെയും ശബ്ദം. പിന്നെ ദീർഘനേരത്തേക്ക് മുറിയിലെമ്പാടും മൗനം തളംകെട്ടിനിന്നു. ആഴിയിലെ തിരമാലകളുടെ ശബ്ദം ചെവികളെ പ്രകമ്പനം കൊള്ളിക്കുന്നു!

സിനിമയിലെ രംഗങ്ങൾ പോലെ മനസ്സിലൂടെ ഓരോ ദൃശ്യങ്ങളും കടന്നുപോകുന്നു. 'തനിക്ക് എന്താണ് സംഭവിക്കുന്നത്?' നിദ്ര ചിന്തിച്ചു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

പേക്കിനാവുകൾ ഉടലിനെയാകെ വരിഞ്ഞുമുറുക്കുന്നു. പൊടുന്നനെ മറ്റൊരു ദൃശ്യം അന്തരംഗത്തിലൂടെ കടന്നുപോയി.

കടൽത്തീരത്തെ ഉപ്പുകാറ്റുകളോടൊപ്പം മത്സരിച്ച് ഭൂമിയിലേക്ക് പെയ്തിറങ്ങുന്ന മഴ. കീറിപ്പറിഞ്ഞ തന്റെ മഞ്ഞക്കുപ്പായത്തിലെ, ചെകുത്താന്മാരുടെ വിരലടയാളങ്ങൾ നോക്കി പൂഴിമണ്ണിൽ അമർന്നിരിക്കുന്ന ആഴിയുടെ ശരീരത്തെയാകെ വിറപ്പിക്കുന്ന പേമാരി!

നാളെ സോഷ്യൽ മീഡിയകളിൽ ഒന്നാം സ്ഥാനം പിടിക്കാൻ പോകുന്ന തന്റെ വാർത്തയെപ്പറ്റി ഓർക്കുകയാകും അവൾ! ആഴി!

'ദൈവത്തിന്റെ നാടായ കേരളം ഇന്ന് പിശാചുക്കളുടെ നാടായി മാറിക്കഴിഞ്ഞിരിക്കുന്നു' എന്ന അടിക്കുറിപ്പോടെ വരാൻ പോകുന്ന വാർത്തകൾ അവളുടെ ഹൃദയത്തെ കീറിമുറിച്ചു.

സ്വപ്നത്തിലെ അടുത്ത ദൃശ്യം ശവക്കല്ലറയായിരുന്നു: പച്ചപ്പൂപ്പലുകൾ പിടിച്ച അനാഥമായ ശവക്കല്ലറ!

'ആഴി വിജയൻ, 2008 - 2023.'

കല്ലറയ്ക്കു മുകളിൽ കൊത്തിവെച്ചിരിക്കുന്ന അക്ഷരങ്ങളെ തലോടിക്കൊണ്ട് നിദ്ര ഒരു മഞ്ഞക്കുപ്പായമണിഞ്ഞ് ശവക്കല്ലറയ്ക്ക് അരികിലിരുന്നു. സ്വപ്നങ്ങളിൽ നിന്ന് തിരികെ വന്ന്, സ്വപ്നത്തിലെ മഞ്ഞക്കുപ്പായത്തിനുള്ളിൽ അവൾ കടന്നുകൂടി.

"~~അച്ഛാ~~ അപ്പാ... ഞാൻ ഇപ്പൊ വരാമേ"

എന്നും പറഞ്ഞുകൊണ്ട് സ്വപ്നത്തിൽക്കണ്ട പൂമ്പാടിപ്പള്ളിയിലേക്ക് അവൾ നടന്നു. കാലുകൾ വേദനിക്കുന്നു, ചുവടുകൾക്ക് ഭാരമേറുന്നു! കൈയിൽ ആർക്കോ വേണ്ടി കരുതിയ, അല്ല, ആഴിക്കായി കരുതിയ പനിനീർപുഷ്പങ്ങൾ മുറുകെ പിടിച്ചുകൊണ്ട് അവൾ നടന്നു. പച്ചപ്പുല്ലുകൾ ആക്രമിച്ച കല്ലറക്ക് മുകളിൽ വാടിത്തളർന്ന, വിടരും മുമ്പേ അടർത്തിമാറ്റപ്പെട്ട ആ പനിനീർ പുഷ്പങ്ങൾ ~~വെച്ചു~~ സമർപ്പിച്ചു. രക്തനിറമാർന്ന പനിനീർപുഷ്പങ്ങൾ!

"നിദ്രേ....."

ആഴി വിളിക്കുന്നു ; വീണ്ടും. എന്നാൽ സ്വപ്ന-
ത്തിലല്ല; യാഥാർത്ഥ്യത്തിൽ! ഭയപ്പാടോടെ തിരിഞ്ഞു-
നോക്കി. ആഴി അടുത്തേക്ക് നടന്നുവരുന്നു.
ഹൃദയത്തിന്റെ ഇടിപ്പ് അവളുടെ കാലൊച്ചകൾക്കൊ-
പ്പം താളത്തിൽ തുടിക്കുന്നു.

"പിച്ചിച്ചീന്തി കൊന്നുകളഞ്ഞു എന്നെ അവർ"
ആഴി ആർത്തുകരഞ്ഞു.

"കൊന്നതാണോ?"

"അമ്മേം അച്ഛനും പറഞ്ഞത് കെട്ടിച്ച് വിട്ടിട്ടാ
ഞാനിങ്ങനെയായിപ്പോയെ എന്നാ". ആഴി അലറി.

"ആണോ നിദ്രേ?"

തന്റെ ചുമലുകൾ കുലുക്കിക്കൊണ്ടവൾ ചോദിച്ചു.
"അവർ നിന്നെ കൊന്നതിന് നീയെന്തു പിഴച്ചു?
നീ തെറ്റുകാരിയല്ല, ഒരിക്കലും."

"അതെ. ഞാനും അതാ ചിന്തിച്ചെ. 'നാട്ടുകാരെ-
ക്കൊണ്ട് ഓരോന്ന് പറേപ്പിക്കാൻ ....' എന്ന
അമ്മയുടെ ശകാരം കേൾക്കാൻ കഴിഞ്ഞില്ല.
അതുകൊണ്ട് അവർ ബാക്കിവെച്ച എന്റെ

ശരീരമെന്ന മാംസക്കഷ്ണം ഞാൻ തന്നെ കർത്താവിന് അർപ്പിച്ചു"

ആഴിയുടെ കണ്ണുകളിൽ ആളിപ്പടർന്ന പ്രതികാ-രാഗ്നി നിദ്ര കാണാതിരുന്നില്ല.

'അടച്ചു വേവിച്ച കറിക്കും വീട്ടിൽ അടിച്ചു വളർത്തിയ പെണ്ണിനും ഗുണം കൂടും' എന്ന് പണ്ടാരോ പറഞ്ഞത് ഓർമിച്ചു!

"അന്ന് ഞാൻ നിന്റെ കൂടെ ഉണ്ടായിരുന്നല്ലോ? എനിക്കെന്താ പറ്റിയെ?"

നിദ്ര ചോദിച്ചു:

"അറിയില്ല ഒന്നും. ഓർമ്മയില്ല. ഓർമിക്കാനാഗ്രഹി-ക്കുന്നില്ല!" ആഴിയുടെ ശബ്ദം നേർത്തില്ലാതായി-വരുന്നത് അറിയാതിരുന്നില്ല.

ആ കാറ്റിൽ തിരമാലകൾ അനാഥമായ ഏതോ ഒരു ഗീതം വായിച്ചു:

"നിദ്രേ ഞാൻ പോട്ടെ? എന്റെ ലോകത്തേക്ക്! എന്റെ ചൂഴ്ന്നെടുത്ത പിശാചുക്കളെ കൊല്ലണ-മെനിക്ക്!"

ആകാശത്തിന്റെ പുകമഞ്ഞുമറ നീക്കിക്കൊണ്ട്
ആഴി, നീരാവിപോലെ വാനിലേക്ക് ഉയർന്നുപോയി.
ശേഷം ആ നീരാവി ഘനീഭവിച്ച് മേഘമായി,
മഴയായി ആഴക്കടലിലേക്ക് പെയ്തു.
'ഓർമ്മകൾ മിക്കതും ചിതലരിച്ചിരിക്കുന്നു.'
കടൽത്തീരത്ത് മഴ നനയുന്ന ആ പെൺകുട്ടിയെ
അഥവാ ആഴിയെ വീണ്ടും മനസിൽ കണ്ടു.
'താനും അവളും ഒരു മുറിയിൽ അകപ്പെട്ടിരുന്നു.'
പിന്നീട് തനിക്കെന്ത് സംഭവിച്ചുവെന്ന് എത്ര
ചിന്തിച്ചിട്ടും ഓർത്തെടുക്കാൻ സാധിച്ചില്ല.
'ദൈവമേ ഞാൻ... എനിക്ക് എന്താ പറ്റിയെ?'
അപ്പുറത്തെ കല്ലറകളിലേക്ക് നോക്കിനിന്നതും
ആഴി തന്റെ കരങ്ങൾ പിടിച്ചതും ഒരുമിച്ചായിരുന്നു
'ഇവൾ വീണ്ടും വന്നിരിക്കുന്നുവോ?'
എന്ന ചിന്തയോടെ പതിയെ തിരിഞ്ഞുനോക്കി.
നെഞ്ചകം ഉലയുന്നുണ്ടായിരുന്നു. ദേഹമാകെ
വിറപൂണ്ടിരുന്നു. ഒരുപക്ഷേ ആഴി തന്നെ
കൊണ്ടുപോകാൻ വന്നതാകുമോ?
അങ്ങനെയൊന്നും ആകാതിരുന്നാൽ മതിയായിരുന്നു.

അമ്മേനേം അച്ഛനേം കുഞ്ഞാറ്റയേയും വിട്ട് ഞാൻ പോകില്ല; എങ്ങോട്ടും നിദ്ര മനസിൽ വാശിപിടിച്ചു.

ഉണങ്ങാൻ ശഠിക്കുന്ന വ്രണം തന്നെ നോക്കി പല്ലിളിച്ച് കാണിക്കുന്നതായി തോന്നി.

ആഴിയുടെ സ്വരം വീണ്ടും കേട്ടു -

"നിദ്രേ..... പോകാം നമുക്ക് നമ്മുടെ മാത്രം ലോകത്തേക്ക് വരൂ"

"ഇല്ല ഞാനെങ്ങോട്ടുമില്ല ഞാൻ ജീവിക്കാനർഹിക്കുന്നവളാണ് ദുരന്തത്തെ അതിജീവിച്ചവൾ!"

പക്ഷികൾ പറക്കും പോലെ പോയിക്കൊണ്ടിരുന്ന സമയം ഒച്ചിനെപ്പോലെ ഇഴഞ്ഞാണ് നീങ്ങുന്നത്. ദേഹം മൊത്തം വിറക്കുന്നു.

"നീയും... ഞാനും ചെകുത്താന്മാരാൽ കാർന്നുതിന്നപ്പെട്ടവരാണ്: നാം മരിച്ചുകഴിഞ്ഞു."

"അവിശ്വസനീയം" അവൾ മുഖം തിരിച്ചു.

അപ്പോൾ തൊട്ടടുത്ത കല്ലറയിലെ പേര് ദൃഷ്ടിയിൽ പതിഞ്ഞു - നിദ്ര പി. എസ്, ജനനം: 2008 മരണം 2023 !?